"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം - മാലിന്യ സംസ്കരണത്തിനുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും അനുമതി - വാർഷിക പദ്ധതി ഭേദഗതി ചെയ്തു സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1503/2023/LSGD തീയതി,തിരുവനന്തപുരം, 22-07-2023

പരാമർശം:- 1. സ.ഉ.(സാധാ) നം.989/2023/തസ്വഭവ, തീയതി 06.05.2023

2. സ.ഉ.(സാധാ) നം.1401/2023/തസ്വഭവ, തീയതി 10.07.2023

**ഉത്തരവ്**

സമഗ്രവും സുസ്ഥിരവുമായ മാലിന്യ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിന് തുടർച്ചയായി, 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി, വിവിധ വിഭവ സ്രോതസുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണത്തിനുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനും, ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുവാൻ പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പരിഷ്കരിച്ച വാർഷിക പദ്ധതി ജൂലൈ 24-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാനും ജില്ലാ ആസൂത്രണ സമിതികൾ 2023 ജൂലൈ 31-നകം അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുമാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പലവിധ കാരണങ്ങളാണ് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള പദ്ധതികൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്തു സമർപ്പിക്കാൻ മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കി വാർഷിക പദ്ധതി ഭേദഗതി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനു തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള സമയ പരിധി 31.07.2023 ആയും ആയതിന്റെ അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിന് ജില്ലാ ആസൂത്രണസമിതികൾക്കുള്ള സമയപരിധി 05.08.2023 ആയും ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. പ്രൊജക്റ്റ് ഡയറക്ടർ, KSWMP
20. ഡയറക്ടർ, MGNREGS
21. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
23. മിഷൻ ഡയറക്ടർ, അമൃത്
24. മാനേജിംഗ് ഡയറക്ടർ, CKCL
25. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
26. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
27. ഡയറക്ടർ ജനറൽ, കില
28. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
30. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
31. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
32. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 22-07-2023 18:26:34
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്